**No. CEE/4600/2019/KEAM-2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2020

### സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കുള്ള (EWS) സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നത് സംബന്ധിച്ച്.

2020-21 വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റ് വഴി ഓൺലൈൻ അപേക്ഷ സമർപ്പിച്ച സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാരായ (EWS) വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് **2020 മാർച്ച് 23 മുതൽ ഏപ്രിൽ 08 വരെ** www.cee.kerala.gov.in എന്ന വെബ് സൈറ്റ് വഴി അപ്‌ലോഡ് ചെയ്യാവുന്നതാണ്. 12.02.2020 തീയതിയിലെ സ.ഉ.(എം.എസ്) നം.2/2020/ഉ.ഭ.പ.വ സർക്കാർ ഉത്തരവ് അനുസരിച്ച് നിശ്ചിത ഫോർമാറ്റിലുള്ളതും കേരള സർക്കാർ EWS സംവരണത്തിനായി അനുവദിച്ചിട്ടുള്ളതുമായ സർട്ടിഫിക്കറ്റുകൾ മാത്രമേ EWS സംവരണം അനുവദിക്കുന്നതിന് പരിഗണിക്കുകയുള്ളൂ. തപാലിലോ ഇ-മെയിലിലോ നേരിട്ടോ ലഭിക്കുന്ന EWS സർട്ടിഫിക്കറ്റുകൾ പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നതിന് പരിഗണിക്കുന്നതല്ല. അപ്‌ലോഡ് ചെയ്യുന്ന EWS സർട്ടിഫിക്കറ്റിന്റെ പകർപ്പോ അനുബന്ധ രേഖകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
**16.03.2020**